**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3429** **11-03-2025 - ൽ മറുപടിയ്ക്ക്**

**വീട് തകർന്നതിന് നഷ്ടപരിഹാരം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.കെ. രാമചന്ദ്രൻ | | ശ്രീ. കെ. രാജൻ<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | 2024 നവംബറിൽ വീട് പൂർണ്ണമായും തകർന്ന, പുതുക്കാട് മണ്ഡലത്തിലെ മുകുന്ദപുരം താലൂക്ക്, കല്ലൂർ വില്ലേജ്, പച്ചളിപ്പുറം-കല്ലൂർ ദേശത്ത്, കൊട്ടേക്കാട്ടിൽ വീട്ടിൽ മരിച്ച ദാസന്റെ ഭാര്യ ശ്രീമതി ഉഷ സി. വി.യുടെ അപേക്ഷ പരിഗണിച്ച് അർഹമായ പരമാവധി നഷ്ടപരിഹാരം അനുവദിക്കുന്നതിന് സർക്കാർ നടപടി സ്വീകരിച്ചിട്ടുണ്ടോ; | (എ) | ഉണ്ട്. 17/11/2024 തീയതിയിൽ ശ്രീമതി. ഉഷ, കൊട്ടേക്കാട്ടിൽ വീട്, കല്ലൂർ വില്ലേജ് എന്നവരുടെ വീടിന് 30-59 ശതമാനം നാശനഷ്ടം സംഭവിച്ചിട്ടുള്ളതായി റിപ്പോർട്ട് ചെയ്ത് ധനസഹായം അനുവദിക്കുന്നതിനായി റിലീഫ് പോർട്ടൽ മുഖേന അപേക്ഷ ലഭ്യമായിട്ടുള്ളതും ആയത് പരിശോധിച്ച് എസ്.ഡി.ആർ.എഫ്. ൽ നിന്ന് 1,00,000/- രൂപയും സി.എം.ഡി.ആർ.എഫ്. ൽ നിന്ന് 25,000/- രൂപയും ഉൾപ്പെടെ ആകെ 1,25,000 രൂപ അനുവദിക്കുന്നതിന് ഉത്തരവായിട്ടുണ്ട്. |
| (ബി) | സ്വന്തമായുണ്ടായിരുന്ന വീട് തകർന്ന ശ്രീമതി ഉഷയ്ക്ക് പുതുതായി വീട് അനുവദിയ്ക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുമോ എന്ന് വ്യക്തമാക്കാമോ? | (ബി) | ഉണ്ട്. 17/11/2024 തീയതിയിൽ ശ്രീമതി. ഉഷ, കൊട്ടേക്കാട്ടിൽ വീട്, കല്ലൂർ വില്ലേജ് എന്നവരുടെ വീടിന് 30-59 ശതമാനം നാശനഷ്ടം സംഭവിച്ചിട്ടുള്ളതായി റിപ്പോർട്ട് ചെയ്ത് ധനസഹായം അനുവദിക്കുന്നതിനായി റിലീഫ് പോർട്ടൽ മുഖേന അപേക്ഷ ലഭ്യമായിട്ടുള്ളതും ആയത് പരിശോധിച്ച് എസ്.ഡി.ആർ.എഫ്. ൽ നിന്ന് 1,00,000/- രൂപയും സി.എം.ഡി.ആർ.എഫ്. ൽ നിന്ന് 25,000/- രൂപയും ഉൾപ്പെടെ ആകെ 1,25,000 രൂപ അനുവദിക്കുന്നതിന് ഉത്തരവായിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ